MATHRUBHUMI 13-07-2024



സിഫ്റ്റ് ഒരുക്കിയ ഐസ് ബോക്സുകൾ ഡയറക്ടർ ഡോ. ജോർജ് നൈനാൻ വിതരണം ചെയ്യുന്നു. കെ.ജെ. മാക്സി എം.എൽ.എ. സമീപം

# മത്സ്യത്തൊഴിലാളികൾക്ക് ഐസ് ബോക്സുകൾ വിതരണം ചെയ്തു

**തോപ്പുംപടി** ▶ മത്സ്യ ശുചിത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ സിഫ്ററിന്റെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഐസ് ബോക്സുകൾ വിതരണം ചെയ്തു. തെർമോക്കോൾ ബോക്സുകളുടെ ഉപയോഗം കുറയ്ക്കലും പദ്ധതിയുടെ ലക്ഷ്യമാണ്. പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങ് കെ.ജെ. മാക്സി എം.എൽ.എ. ഉദ്ഘാടനം ചെയ്തു. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എ. സുരേഷ്, സീനിയർ സയന്റിസ്റ്റ് ഡോ. കെ.എ. മാർട്ടിൻ സേവ്യർ, പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേബി തമ്പി, വൈസ് പ്രസിഡന്റ് ജോബി പനയ്ക്കൽ, ജെംസി ബിജു, സാബു തോമസ്, ശ്രീകുമാർ തുടങ്ങിയവർ സംസാരിച്ചു.